കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കണ്ണാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-15-508/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 19-05-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കണ്ണാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ണാടി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ

ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി-15-508/2020 തിയ്യതി: 19-05-2020

## പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.05.2019 മുതൽ 19.02.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മുഴുവൻ എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.02.2020 മുതൽ<br>06.03.2020 വരെ<br>(24.02.20, 25.02.20, 28.02.20 ഒഴികെ) |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.അരവിന്ദാക്ഷൻ കെ വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷർഫുദ്ദീൻ എസ് എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.രാമകൃഷ്ണൻ കെ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.രഞ്ജിത്ത് ആർ ഓഡിറ്റർ | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.എ.വേണഗോപാൽ | 1-4-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീ.കെ.ഡി.ഹരേഷ് | 1-4-2018 മുതൽ 01-06-2018 വരെ |
| | ശ്രീമതി. ജലജകുമാരി (അസി.സെക്രട്ടറി) | 02.06-2018 മുതൽ 24-06-2018 വരെ |
| | ശ്രീമതി അനിത കെ പി (അസി.സെക്രട്ടറി) | 25.06-2018 മുതൽ 27-06-2018 വരെ |
| | ശ്രീമതി.ബിന്ദുലേഖ എസ് | 28-06-2018 മുതൽ 18-7-2018 വരെ |
| | ശ്രീ. ശ്രീകുമാർ ജി | 19-07-2018 മുതൽ 07-08-2018വരെ |
| | ശ്രീ. സാജൻ | 08-08-2018 മുതൽ 31-3-2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനിയർ | ശ്രീ.പവൻകുമാർ.സി | 1.4.2018 മുതൽ<br>23.11.2018 വരെ |
| | ശ്രീ നെവിൻ ജെ തെരാട്ടിൽ | 24.11.2018 മുതൽ<br>17.12.2018 വരെ |
| | ശ്രീമതി സിന്ധു ആർ | 18.12..18 മുതൽ<br>31.3.19 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.ജലജകുമാരി | 1.4.2018 മുതൽ<br>25.06.2018 വരെ |
| | ശ്രീമതി അനിത കെ പി | 26.06.2018മുതൽ<br>06.09.2018 വരെ |
| | ശ്രീമതി ബിന്ദു വി (അധിക ചുമതല) | 07.09.2018 മുതൽ<br>09.10.2018 വരെ |
| | ശ്രീ സതികുമാർ ആർ ആർ | 10.10.2018 മുതൽ<br>31.3.19 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. അദിതി | 1.4.2018 മുതൽ<br>31.3.19 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഉഷാകുമാരി | 1.4.2018 മുതൽ |

| | | |
|---|---|---|
| | | 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നിഷ | 1.4.2018 മുതൽ<br>31.3.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ശ്രീദേവി | 1.4.2018 മുതൽ<br>31.3.2019 വരെ |
| വി.ഇ.ഒ | ശ്രീമതി.രജിത | 1.4.2018 മുതൽ<br>31.3.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. രാജൻ | 1.4.2018 മുതൽ<br>31.3.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.കുമാരി | 1.4.2018 മുതൽ<br>31.7.2018 വരെ |
| | ശ്രീമതി സലീന ബി എച്ച് | 1.8.2018 മുതൽ<br>31.3.2019 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ലൈല | 1.4.2018 മുതൽ<br>31.3.2019 വരെ |
| ഡയറി. എക് സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ജയലക്ഷ്മി | 1.4.2018 മുതൽ<br>30.04.2018 വരെ |
| | ശ്രീ അനൂപ് പി എ | 1.5.2018 മുതൽ<br>31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |

| | | |
|---|---|---|
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷികകണക്കിലെ അപാകതകൾ | 1-10 |
| 11 | ബജറ്റ് തയ്യാറാക്കൽ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-11 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-12 |
| 13 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-13 |
| 14 | ഭേദഗതി വിജ്ഞാപനം പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല | 1-14 |
| 15 | തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിനാൽ ₹ 2719 നഷ്ടം | 1-15 |
| 16 | ഉദയ ആയുർവേദിക്ക് റിസോർട്ട്- ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു | 1-16 |
| 17 | അനധികൃത നിർമ്മാണങ്ങൾക്ക് യുഎ നമ്പർ അനുവദിച്ച് നിയമാനുസൃത വസ്തുനികുതി ചുമത്തേണ്ടതാണ് | 1-17 |
| 18 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-18 |
| 19 | വരവിനങ്ങളിലെ കുടിശ്ശികകൾ- ഡിമാന്റ് തയ്യാറാക്കി പിരിച്ചെടുക്കേണ്ടതാണ് | 1-19 |
| 20 | പ്രത്യേക കന്നുകട്ടി പരിപാലനം- പദ്ധതിയിൽനിന്നും ഒഴിവായ ഗുണഭോക്താക്കളുടെ സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ് | 1-20 |
| 21 | ഗുണഭോക്തൃവിഹിതം.പിരിച്ചെടുക്കുന്നതിലെ.അപാകതകൾ | 1-21 |
| 22 | പാലിന് സബ്സിഡി നൽകൽ- പ്രൊജക്ടിൽ മതിയായ തുക വകയിരുത്തിയില്ല | 1-22 |
| 23 | ലൈഫ് ഭവന പദ്ധതി - അവലോകനം | 1-23 |
| 24 | വൃദ്ധർക്ക് കട്ടിൽ- ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-24 |
| 25 | എസ്.സി. വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ് നൽകൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-25 |
| 26 | എസ്.സി. യുവാക്കൾക്ക് ഇരുചക്രവാഹനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-26 |
| 27 | ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവയിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല | 1-27 |
| 28 | ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-28 |
| 29 | ഡെപ്പോസിറ്റ് വർക്ക്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-29 |
| 30 | ശമ്പള പരിഷ്കരണ കുടിശ്ശിക - ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല | 1-30 |
| 31 | വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച | 1-31 |

| | | |
|---|---|---|
| | മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല | |
| 32 | ബാരലിന്റെ വില കുറവു ചെയ്യാതെ മുഴുവൻ തുകയും അനുവദിച്ചു | 1-32 |
| 33 | പദ്ധതി തുക അധികമായി പിൻവലിച്ചു | 1-33 |
| 34 | ഭൂഗർഭജല വകുപ്പിൽ നിന്നും സ്ഥാനനിർണ്ണയ കത്ത് ലഭിക്കാതെ കുഴൽകിണർ കുഴിച്ചത് പരാജയം | 1-34 |
| 35 | ടെന്റർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-35 |
| 36 | കുടുംബശ്രീ വിപണനകേന്ദ്രം പ്രവർത്തനക്ഷമമായില്ല | 1-36 |
| 37 | നഴ്സറിനിർമ്മാണം- തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. | 1-37 |
| 38 | തൊഴിലുറപ്പ് പദ്ധതി - തരിശുഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ പ്രവൃത്തിയിലെ അപാകതകൾ | 1-38 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 39 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 40 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 41 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 43 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 44 | സ്ഥിര നിക്ഷേപം | 4-6 |
| 45 | ഓഡിറ്റ് റിക്കവറി | 4-7 |
| 46 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 47 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 50 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |
| 51 | വിവിധ പത്രികകൾ - സംക്ഷിപ്തം | അനുബന്ധം - 2 |

# <u>ഭാഗം -1</u>

# <u>ഓഡിറ്റ് റിപ്പോർട്ട്</u>

## 1-1 ബജറ്റ്

19-3-2018 തിയതിയിലെ തീരുമാനം 2 (2) പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ വരവ് ചെലവ് |
|---|---|---|---|
| 1 | മുന്നിരിപ്പ് | 13908655 | 6594287 |
| 2 | വരവ് | 143892000 | 108537058 |
| 3 | ആകെ | 157800655 | 115131345 |
| 4 | ചെലവ് | 141756000 | 95387239 |
| 5 | നീക്കിയിരുപ്പ് | 16044655 | 19744106 |

കൂടുതൽ യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31-7-2019 | 10-5-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6594287 |
| വരവ് | 108537058 |
| ആകെ | 115131345 |
| ചെലവ് | 95387239 |
| നീക്കിയിരിപ്പ് | 19744106 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | 0 | 14769165 | 14769165 | 14214133 | 555032 |
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 14529000 | 14529000 | 14524200 | 4800 |
| വികസനഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | 0 | 9381000 | 9381000 | 9381000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 2885000 | 2885000 | 2885000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6557000 | 6557000 | 6557000 | 0 |
| എം.എൻ.ആർ. ഇ.ജി. എസ്- അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 483 | 899601 | 900084 | 898516 | 1568 |
| എം.എൻ.ആർ .ഇ.ജി. എസ്- തൊഴിലാളി കളുടെ വേതനം | 0 | 21928970 | 21928970 | 21928970 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ട്രഷറി-ബ്ലോക്ക് | -899238 | **9425694 | 8526456 | 6815915 +592647= 7408562* | 1117894 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് | | | | | |
| ട്രഷറി- TSB (ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റ് ഫണ്ടുകൾ) | 1124086 | 9008526+ 10323471 =19331997 | 20456083 | 19293972 | 1162111 |
| തനത്ഫണ്ട് - SBI -0336 | 6260397 | 12289468 | 18549865 | 11269607 | 7280258 |
| PNB -MN ലക്ഷം വീട് | 14675 | 19801315 | 19815990 | 19795957 | 20033 |
| നിർമ്മൽ പുരസ്കാർ | 20221 | 834 | 21055 | 0 | 21055 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| കേരളോത്സവം | 0 | 148800 | 148800 | 148800 | 0 |
| ഹഡ്കോ ലോൺ SBI കുഴൽമന്ദം | 0 | 19795797 | 19795797 | 19795797 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിലില്ലായ്മാ വേതനം | 0 | 148800 | 148800 | 148800 | 0 |
| കൃഷി ഉല്പാദന ബോണസ് | 0 | 152170 | 152170 | 152170 | 0 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 0 | 150000 | 150000 | 150000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ സി ഡി എസ് | 1168719 | 1148192 | 2316911 | 1514054 | 802857 |
| ശുചിത്വ മിഷൻ- സ്വച്ഛ ഭാരത് മിഷൻ | 175442 | 2020926 | 2196368 | 250000 | 1946368 |

* ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽനിന്നും 592647 രൂപ ആശ്രയ പ്രൊജക്ടിലേക്ക്30.03.2019 ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്,ആയത് 2019-20 വർഷത്തിൽ 08.08.2019ന് റീക്കപ്പ് ചെയ്തിട്ടുണ്ട്.

** മുൻ വർഷത്തെ റിഡംപ്ഷൻ തുകയായ 960840 രൂപ തൻവർഷം തിരികെ ലഭിച്ചതിനാൽ ആയത് വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 223 | 148117017 | 166 | 78537861 | 0 | 57 | 74 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 166 എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 53% ചെലവഴിച്ചിട്ടുണ്ട്. ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 11237700 | 6835761 | 61 |
| വി.ഇ.ഒ -1 | 10 | 7 | 79207586 | 33623492 | 42 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 3870383 | 3595720 | 93 |
| സെക്രട്ടറി | 27 | 22 | 6316764 | 3648880 | 58 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 145 | 101 | 37432028 | 23812052 | 64 |
| എച്ച്.എം | 3 | 3 | 820000 | 785587 | 96 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 3 | 732200 | 675360 | 92 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 800000 | 800000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 250000 | 250000 | 100 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 2070000 | 870000 | 42 |
| അസി.സെക്രട്ടറി | 13 | 9 | 5045000 | 3305655 | 65 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 335356 | 335354 | 99.9 |
| ആകെ | 223 | 166 | 148117017 | 78537861 | 53 |

# 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 148800 | 79 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 11364000 | 816 |
| 3 | വിധവാ പെൻഷൻ | 11129000 | 924 |
| 4 | വാർദ്ധക്യകാല പെൻഷൻ | 15610300 | 1382 |
| 5 | വികലാംഗ പെൻഷൻ | 3033200 | 259 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 789900 | 66 |

# 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 34734 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ലഭിക്കുന്ന തപാലുകൾ സമയബന്ധിതമായി സെക്ഷനുകൾക്ക് വിതരണം നൽകുകയും അതിന്മേൽ നടപടികൾ സ്വീകരിച്ച് സേവനം ഗുണഭോക്താക്കൾക്ക് എത്തിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ വേണ്ടത്ര ശ്രദ്ധ ഉണ്ടായിട്ടില്ലെന്ന് അരിയർ ഡിമാന്റ് രജിസ്റ്റർ, വാടക ഡിമാന്റ് രജിസ്റ്റർ, ക്രമവൽക്കരണം സംബന്ധിച്ച രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവയിൽ നിന്നും ബോധ്യമാകുന്നു.

കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി കുറവായി ഈടാക്കിയത് ഈ ഇനത്തിലെ വരുമാന ചോർച്ചയ്ക്കു കാരണമായിട്ടുണ്ട്. ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായും കാണുന്നില്ല. ലൈസൻസ് ഫീസ് ഈടാക്കുന്നത് ഭേദഗതി ചട്ടങ്ങൾക്ക് അനുസൃതമായല്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവയിൽ അവശ്യം രേഖപ്പെടുത്തേണ്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. തുക ക്രമീകരിക്കുമ്പോൾ ഇവ ക്ലോസ് ചെയ്തതായും വർഷാവസാനം വർഷം തിരിച്ചുള്ള സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായും കാണുന്നില്ല.

ഇപ്രകാരം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ലെന്ന് അഭിപ്രായപ്പെടുന്നു.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ

# വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 18.01.2020 | 01.12.2019മുതൽ 31.12.2019 വരെ | 20.01.2020 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.04.2011മുതൽ 12.04.2011 വരെ | 2006-07 മുതൽ 2010-11 വരെ | 12.05.2011 |

# 1-10 വാർഷിക കണക്കിലെ അപാകതകൾ

സർട്ടിഫിക്കറ്റിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ നിലനിൽക്കുന്നു.

# 1-11 ബജറ്റ് തയ്യാറാക്കൽ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

സ.ഉ (സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിൽ ബഡ്ജറ്റ് പ്രക്രിയ എപ്രകാരമായിരിക്കണമെന്ന് വിശദമാക്കിയിട്ടുണ്ട്. പദ്ധതി നിർദ്ദേശങ്ങളും പദ്ധതിയേതര നിർദ്ദേശങ്ങളും തയ്യാറാക്കി അവ ഏകീകരിക്കുന്നതാണ് ബജറ്റ് പ്രക്രിയയിൽ പ്രധാനമായും ഉൾപ്പെടുന്നത്.

I. പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കൽ പ്രക്രിയ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1)വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായാണ് വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടത്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്.

II. പദ്ധതിയേതര നിർദ്ദേശങ്ങൾ തയ്യാറാക്കൽ പ്രക്രിയ

പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച പാലിക്കേണ്ട മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള സമയക്രമം ചുവടെ ചേർക്കുന്ന പ്രകാരമാണ്.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15 ന് മുൻപ് |

| | |
|---|---|
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനുവരി 15 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് പദ്ധതിയേതര നിർദ്ദേശങ്ങൾ ചർച്ചചെയ്യേണ്ടത് | ജനുവരി 22 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1 ന് മുൻപ് |

III. പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് ബജറ്റ് തയ്യാറാക്കൽ പ്രക്രിയ

| | |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നുള്ള നിർദ്ദേശങ്ങൾ, അംഗീകരിക്കപ്പെട്ട വാർഷിക വികസന പദ്ധതി എന്നിവ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1 ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7 ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 ന് മുൻപ് |

ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ

ബജറ്റ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ പദ്ധതിയേതര നിർദ്ദേശങ്ങൾക്കായി ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർത്തതായി കാണുന്നില്ല. ഘടക സ്ഥാപന മേധാവികളോട് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെടുകയോ പ്രപ്പോസലുകൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. ആരോഗ്യ വിദ്യാഭ്യാസം, ക്ഷേമകാര്യം, വികസനകാര്യം തുടങ്ങിയ സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകളൊന്നും തന്നെ നടത്തിയിട്ടില്ല. 06.02.2018 ന് ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് ചർച്ച ചെയ്യുകയും 24.02.2018 ന് ചേർന്ന കമ്മിറ്റി ബജറ്റ് അന്തിമമാക്കി ഭരണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും 19.03.2018 -ന് ചേർന്ന ഭരണസമിതി യോഗം തീരുമാനം നം. 1 ആയി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 13908655.00 |
| പ്രതീക്ഷിത വരവ് | 143892000.00 |
| ആകെ വരവ് | 157800655.00 |
| പ്രതീക്ഷിത ചെലവ് | 141756000.00 |
| നീക്കിയിരിപ്പ് | 16044655.00 |

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.06/02.03.2020ന് മേലിൽ ഇത്തരം

നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ബജറ്റ് രൂപീകരണം സംബന്ധിച്ച സ.ഉ (സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 -ലെ നിർദ്ദേശങ്ങൾ പാലിക്കാത്തത് യഥാർത്ഥത്തിൽ ആവശ്യമായ തുക അവശ്യ മേഖലകളിൽ വകയിരുത്തപ്പെടാതെ പോകുന്നതിന് ഇടയാക്കുമെന്നിരിക്കെ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്

(എ) ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസ് നിരക്ക് നിശ്ചയിച്ചിട്ടില്ല.

നിലവിലുള്ള ലൈസൻസ് ഫീസ് 25 ശതമാനമോ കുറഞ്ഞത് 100 രൂപയോ അധികം ഈടാക്കാവുന്നതാണെന്ന ഭരണസമിതിയുടെ 13.03.2018 ലെ 18/18 നമ്പർ തീരുമാനം പ്രകാരമാണ് 2018-19 വർഷം ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. ഭേദഗതി ചട്ടപ്രകാരം ഫീസ് ഈടാക്കാത്തതിൽ സംഭവിച്ച പരമാവധി നഷ്ടത്തിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | അപേക്ഷ (PCB സാക്ഷ്യ | മേഖല | ഈടാക്കാവുന്ന | ഈടാക്കിയ ഫീസ് | കുറവ് (പരമാവധി) |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പത്രം) പ്രകാരമുള്ള മൂലധന നിക്ഷേപം | | പരമാവധി ഫീസ് | | |
| 1 | 16 | സുരഭി അക്വാ മിനറൽസ് (പ്രൈ) ലി. | 1.09 കോടി | ഉൽപാദനം | 5000 | 3000 | 2000 |
| 2 | 27 | പ്രിൻസ് റോളർ ഫ്ലോർ മിൽസ് (പ്രൈ) ലി. | 3.91 കോടി | ഉൽപാദനം | 5000 | 4500 | 500 |
| 3 | 64 | പാലന ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് | 9.60 കോടി | സേവനം | 15000 | 5000 | 10000 |
| 4 | 100 | പ്രീമിയർ അഗ്രോ പ്രോഡക്ട്സ് (പ്രൈ) ലി | 4.47 കോടി | ഉൽപാദനം | 5000 | 4500 | 500 |

ഭേദഗതി ചട്ടത്തിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ലാബ് നിശ്ചയിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നതിന് പകരം ഭരണസമിതി തീരുമാനം പ്രകാരം ഫീസ് പിരിച്ചതിന് നിയമ സാധുതയില്ല.

<u>(ബി) ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻകടകളും മാവേലി സ്റ്റോറും ക്ഷീര വ്യവസായ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നു</u>

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്ന്, ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ നടത്തിപ്പിനും കൺസ്യൂമർ സ്റ്റോറിനും ക്രമ നം. 150 പ്രകാരം മണ്ണെണ്ണയുടെ വിൽപന നടത്തുന്നതിനും പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. കൂടാതെ ക്രമ നം. 132 പ്രകാരം പാൽ സംഭരിക്കുന്നതിനും ലൈസൻസ് ആവശ്യമാണെന്നിരിക്കെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്കും മാവേലി സ്റ്റോറിനും ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾക്കും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

<u>(സി) ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു</u>

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ

സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ നിർദ്ദേശം പാലിച്ചിട്ടില്ല.

(ഡി) നിരാക്ഷേപ സാക്ഷ്യപത്രങ്ങളുടെ കാലാവധി പരിശോധിക്കാതെ ലൈസൻസ് പുതുക്കിനൽകിയിരിക്കുന്നു

താഴെ പറയുന്ന സ്ഥാപനങ്ങളുടെ മലിനീകരണ നിയന്ത്രണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ കാലാവധി 30.06.2018 -ന് അവസാനിച്ചിട്ടുണ്ടെങ്കിലും നിയമപരമായ സത്യവാങ്മൂലം കൂടാതെ തന്നെ 31.03.2019 വരെ ലൈസൻസ് പുതുക്കി നൽകിയിരിക്കുന്നു.

1.സുരഭി അക്വാ മിനറൽസ് (പ്രൈ) ലിമിറ്റഡ്

2.പ്രിൻസ് റോളർ ഫ്ലോർ മിൽസ് (പ്രൈ) ലിമിറ്റഡ്

3.പോപ്പുലർ സർവീസസ് & വെഹിക്കിൾസ് (പ്രൈ) ലിമിറ്റഡ്

4.പാലന ഹോസ്പിറ്റൽ ഓഫ് മെഡിക്കൽ സയൻസസ്

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.05/02.03.2020 ന് അപാകതകൾ പരിഹരിക്കുന്നതാണ് എന്നും നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ പിന്നീട് ഹാജരാക്കിയിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതിക്ക് അനുസൃതമായി സ്ലാബുകൾ നിശ്ചയിക്കേണ്ടതും ഫീസ് ഈടാക്കേണ്ടതുമാണ്. അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.
2. ലൈസൻസ് കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ലൈസൻസ് കൂടതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.
3. ഉറവിടമാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കി മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.
4. സാധുതയുള്ള നിരാക്ഷേപ സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിലോ അപേക്ഷകൻ നൽകുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലോ ലൈസൻസ് പുതുക്കി നൽകേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | അർദ്ധ വർഷം |
|---|---|---|---|
| 1 | സുരഭി അക്വാ മിനറൽസ് (പ്രൈ) ലി. | 8 | 2018-19 II$^{nd}$ |
| 2 | യാക്കര ബി ഒ | 2 | 2018-19 II$^{nd}$ |
| 3 | ഡ്രൈവർ, കണ്ണാടി ഗ്രാമപഞ്ചായത്ത് കാര്യാലയം | 1 | 2018-19 I$^{st}$ & II$^{nd}$ |

## 2. തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു

(1) ആനപ്പുറം വുഡൻ ഫർണീച്ചർ വർക്സ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി തെറ്റായാണ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റേറ്റ്മെന്റ് പരിശോധിക്കാതെ തൊഴിൽ നികുതി സ്വീകരിച്ചതിനാൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

| ക്രമ നം | പേര് | ഉദ്യോഗപ്പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | നഷ്ടം |
|---|---|---|---|---|---|---|
| 1 | സുനിൽ | കാർപ്പെന്റർ | 16500*6=99000 | 750 | 550 | 200 |
| 2 | മനോജ് | പ്ലയിനർ | 15750*6=94500 | 750 | 525 | 225 |
| 3 | ബാബു | പോളിഷർ | 15750*6=94500 | 750 | 525 | 225 |
| 4 | ചന്ദ്രൻ | ഹെൽപ്പർ | 12000*6=72000 | 600 | 400 | 200 |
| 5 | സജിത | ക്ലീനർ | 9000*6=54000 | 450 | 300 | 150 |
| | | | | | ആകെ | 1000 |

കൂടാതെ രണ്ടാം അർദ്ധവർഷത്തെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ പ്രതിമാസ ശമ്പളമായി രേഖപ്പെടുത്തിയിരിക്കുന്നത് 2450 രൂപ മുതൽ 2800 രൂപ വരെയാണ്. 120 രൂപ വീതമാണ് 6 ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടുള്ളത്.

(2) ഗവൺമെന്റ് ആയുർവേദ ആശുപത്രി, കണ്ണാടി എന്ന സ്ഥാപനത്തിലെ 2 ജീവനക്കാരിൽ നിന്നും 2018-19 ഒന്നാം അർദ്ധവർഷം തൊഴിൽനികുതി കുറവായി ഈടാക്കിയിരിക്കുന്നു.

| ക്രമ നം | പേര് | ഉദ്യോഗപ്പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | നഷ്ടം |
|---|---|---|---|---|---|---|
| 1 | എ.ജയകുമാരി | ഫാർമസിസ്റ്റ് ഗ്രേഡ്-1 | 97120 | 750 | 600 | 150 |
| 2 | ദിവ്യ പി യു | ഫാർമസിസ്റ്റ് ഗ്രേഡ്-1 | 126800 | 1250 | 1000 | 250 |
| | | | | | ആകെ | 400 |

## 3. കള്ളുഷാപ്പുകളിൽ നിന്നും റേഷൻകടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളിൽ നിന്നും റേഷൻകടകളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

## 4. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2018-19 വർഷം പഞ്ചായത്ത് പ്രദേശത്തെ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട 10 കറാറുകാരിൽ നിന്നും തൊഴിൽനികുതി

ഈടാക്കിയിട്ടില്ല.

<u>5.ക്ഷീര വ്യവസായ സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

ഉപ്പുംപാടം, അടക്കറിശ്ശി, തരുവക്കുറിശ്ശി, കണ്ണാടി-പാത്തിക്കൽ എന്നീ ക്ഷീര സംഘങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.21/05.03.2020 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

കുറവായി ഈടാക്കിയ തൊഴിൽ നികുതി ₹ 1400 ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്. ആനപ്പുറം വുഡൻ ഫർണീച്ചർ വർക്സ് എന്ന സ്ഥാപനത്തിന്റെ രണ്ടാം അർദ്ധ വർഷത്തെ സ്റ്റേറ്റ്മെന്റിലെ കൃത്യത പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 ഭേദഗതി വിജ്ഞാപനം പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015 ലെ സ.ഉ(അ) നം. 36/2015/ തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 100/2015 വിജ്ഞാപനം പ്രകാരം താഴെ പറയുന്ന കൂട്ടിച്ചേർക്കലുകൾ ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് | 3 | 5 |
| 3 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് | 15 | 25 |

| | | | |
|---|---|---|---|
| | ആക്ട്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | | |
| 4 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ മേൽ വിജ്ഞാപനം പ്രകാരമുള്ള നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ചിട്ടില്ല. നിരക്കുകൾ നിർണ്ണയിക്കാത്തതിനാൽ മേൽ ഉപയോഗക്രമങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമങ്ങൾ രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചുവരുന്ന രീതിയാണ് തുടർന്നുവരുന്നത്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 07/03.03.2020 ന് മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം.100/2015 വിജ്ഞാപനം പ്രകാരം കൂട്ടിച്ചേർത്ത ഉപയോഗക്രമങ്ങൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കുകൾക്കനുസൃതമായ വസ്തുനികുതി നിരക്ക് അടിയന്തിരമായി നിർണ്ണയിക്കേണ്ടതും നികുതി നിർണ്ണയത്തിന് ഇവ പരിഗണിക്കേണ്ടതുമാണ്. ആയതിന് അനുസൃതമായി മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗ ക്രമം പരിശോധനയ്ക്ക് വിധേയമാക്കി ആവശ്യമായ തിരുത്തലുകൾ വരുത്തി നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-15 തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിനാൽ ₹ 2719 നഷ്ടം

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച. മീറ്ററിന് 40 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച. മീറ്ററിന് 60 രൂപയുമാണ് കണ്ണാടി ഗ്രാമപഞ്ചായത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. സതീഷ്കുമാർ.ടി, മിൽക്കി മിസ്റ്റ് ഡയറി ഫുഡ് പ്രോഡക്ട് പ്രൈവറ്റ് ലിമിറ്റഡ്, കുടുവക്കോട്, കണ്ണാടി, 678701എന്നവരുടെ ഉടമസ്ഥതയിലുള്ള 107.9 ച മീ വിസ്തീർണ്ണമുള്ള 15/650 നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം 100 ച. മീ വരെ വിസ്തീർണ്ണമുള്ള ഷോപ്പുകൾ എന്ന് തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിനാൽ നഷ്ടം ഉണ്ടായിരിക്കുന്നു.

| | |
|---|---|
| തറവിസ്തീർണ്ണം | 107.9 ച മീ |
| വർദ്ധനവ്/ഇളവ് | ഇളവ് -10% (മേൽക്കൂര-10%), |

| | |
|---|---|
| | വർദ്ധനവ്- 30%<br>(വഴി സൗകര്യം-20%,<br>എയർ കണ്ടീഷനിംഗ്-10%) |
| നിലവിലെ നികുതി നിർണ്ണയം | 107.9*40=4316<br><br>+ 20% = 864<br><br>= 5180<br>നിലവിലെ നികുതി=<br>BT 5180 + LC 259= 5439 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ടത് | 107.9*60=6474<br><br>+ 20% = 1295<br><br>= 7769<br>നിർണ്ണയിക്കേണ്ട നികുതി=<br>BT 7769 + LC 389= 8158 |
| | നഷ്ടം = 2719 രൂപ |

ഈ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരമാണ് നഷ്ടം കണക്കാക്കിയിട്ടുള്ളത്.

ഓഡിറ്റ് അന്വേഷണം നം.11/03.03.2020 -ന് നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം സംഭവിച്ച 2719/- രൂപ ബന്ധപ്പെട്ട ഭരണതല നടപടികളിലൂടെ ഈടാക്കേണ്ടതാണ്. കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഫോറം-6 ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-16 ഉദയ ആയുർവേദിക്ക് റിസോർട്ട്- ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു

| | |
|---|---|
| ഫയൽ നം | എ2/6573/18 തീയതി 08.10.2018 |
| അപേക്ഷകന്റെ പേര് | ശ്രീ. ഉദയ ദിവാകരൻ & ശ്രീമതി. സുനിത ദിവാകരൻ, 'ഉദയ' നിളാ നഗർ, യാക്കര -678701 |
| പെർമിറ്റ് നം/നിർമ്മാണാനുമതി നൽകപ്പെട്ട ഏരിയ/ ഉപയോഗക്രമം | എ2/152/17-18 തീയതി 15/04/2017<br><br>GF- 161.20 $m^2$ (7 Rooms) |

| | |
|---|---|
| | FF- 166.80 $m^2$ ( 7 Rooms)<br>Total- 328 $m^2$<br>റസിഡൻഷ്യൽ |
| നിർമ്മാണം പൂർത്തീകരിച്ച ഏരിയ/വസ്തുനികുതി നിർണ്ണയിച്ച ഉപയോഗക്രമം | GF-165.22 $m^2$ (Hall)<br>FF-257.21 $m^2$ (5 Rooms)<br>Total – 422.43 $m^2$<br>ലോഡ്ജ്, ഗോഡൗൺ |

മേൽ അപേക്ഷ പരിഗണിച്ച് 165.22 ച. മീ വിസ്തീർണ്ണമുള്ള താഴത്തെ നിലയിലുള്ള ഹാളിന് 'വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണം ഉള്ള ഗോഡൌൺ' എന്ന ഉപയോഗക്രമം രേഖപ്പെടുത്തി 4/579 -ാം നമ്പരും 251.21 ച.മീ ആകെ തറവിസ്തീർണ്ണമുള്ള ഒന്നാം നിലയിലുള്ള 5 മുറികൾക്ക് 'ലോഡ്ജ്'' എന്ന ഉപയോഗക്രമം രേഖപ്പെടുത്തി 4/580 -ാം നമ്പരും അനുവദിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്.

പെർമിറ്റിൽ നിന്നും പൂർണ്ണമായി വ്യതിചലിച്ചാണ് നിർമ്മാണം പൂർത്തീയാക്കിയിരിക്കുന്നത്. റസിഡൻഷ്യൽ ആവശ്യത്തിനാണ് നിർമ്മാണ അനുമതി നൽകിയിട്ടുള്ളതെങ്കിലും ഗോഡൗൺ, ലോഡ്ജ് എന്നിങ്ങനെ ഉപയോഗക്രമങ്ങൾ രേഖപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. പെർമിറ്റിൽ നിന്നും വ്യതിചലിച്ച നിർമ്മാണം ക്രമവൽകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഫീൽഡ് പരിശോധന നടത്തി തയ്യാറാക്കിയ വസ്തുനികുതി നിർണ്ണയത്തിന്റെ വിവരശേഖരണ ഫാറം (ഫാറം-6) പരിശോധിച്ചതിൽ കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന്റെ വിവരണത്തിൽ റിസോർട്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗോഡൗൺ, ലോഡ്ജ് എന്നിങ്ങനെ ഉപയോഗക്രമങ്ങൾ രേഖപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്.

ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ 10 മുറികളോടുകൂടിയ റിസോർട്ട് പ്രവർത്തിച്ചു വരുന്നതായി കണ്ടെത്തി. നിലവിൽ ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തിയിരിക്കുന്ന 4/579 -ാം കെട്ടിടം കേന്ദ്രീകൃത ശീതീകരണ സംവിധാനമുള്ള സമ്മേളനസ്ഥലം ആണെന്നും 4/580 നമ്പരിട്ട 5 മുറികൾക്കും 4/512, 4/513 എന്നീ രണ്ട് നമ്പരുകൾ രേഖപ്പെടുത്തിയ വുഡൻ ഹട്ടിലുള്ള 5 മുറികൾക്കും ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതെന്നും ബോധ്യപ്പെട്ടു. ഒരു സ്വിമ്മിംഗ് പൂൾ റിസോർട്ടിലുണ്ടെങ്കിലും ആയതിന്റെ വിസ്തീർണ്ണം 2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം വസ്തുനികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല.

14.01.2011-ലെ എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനത്തിന് അനുസൃതമായി അസംബ്ലി

കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ എന്നീ ഉപയോഗക്രമങ്ങൾക്ക് 40 രൂപയും റിസോർട്ടുകൾക്ക് 90 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. 2018-19 വർഷം നികുതി നിർണ്ണയം നടത്തിയ 251.21 ച.മീ വിസ്തീർണ്ണമുള്ള 4/580 -ാം നമ്പർ അനുവദിച്ച റൂമുകൾക്ക് 'റിസോർട്ട്' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്താതെ ലോഡ്ജ് എന്നീ ഉപയോഗക്രമങ്ങളിൽ വസ്തുനികുതി നിർണ്ണയിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് ഉണ്ടാവുന്ന നഷ്ടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയി ക്കാവുന്ന വസ്തുനികുതി | വ്യത്യാസം/ നഷ്ടം |
|---|---|---|
| ഉപയോഗക്രമം: ഗോഡൗൺ<br>നിരക്ക്:₹ 60/ച.മീ | ഉപയോഗക്രമം:റിസോർട്ട്<br>നിരക്ക്:₹ 90/ച.മീ | 18229 |
| 257.21*40=10288.4<br>+ 35%= 3600.94<br>BT=13890<br>LC=695<br>Total- 14585<br>വർദ്ധനവ്: 35%<br>(വഴിസൗകര്യം- 20%, തറനിർമ്മിതി-15%)<br>ഇളവ്: 0% | 257.21*90=23148.9<br>+ 35%= 8102<br>BT=31251<br>LC=1563<br>Total-32814 | |

2018-19 വർഷം നികുതി നിർണ്ണയം നടത്തിയ 4/580 നമ്പർ കെട്ടിടത്തിന്റെ മാത്രം നഷ്ടം 18229 രൂപയാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 08/03.03.2020 -ന് ക്രമവൽക്കരണ ഫീസ് ഈടാക്കുന്നതാണെന്നും കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പെർമിറ്റിൽ നിന്നും പൂർണ്ണമായി വ്യതിചലിച്ച് നിർമ്മാണം പൂർത്തീയാക്കിയ കെട്ടിടം ചട്ടങ്ങൾക്ക് വിധേയമായി നിയമാനുസൃത ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് നൽകേണ്ടതാണ്.
2. 4/580, 4/512, 4/513 എന്നീ കെട്ടിടങ്ങളുടെ ഉപയോഗക്രമം റിസോർട്ട് എന്ന് മാറ്റിയും 4/579 നമ്പരിട്ട കെട്ടിടത്തിന്റെ ഉപയോഗക്രമം അസംബ്ലി കെട്ടിടം എന്ന് മാറ്റിയും വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതും വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3. പുനർനിർണ്ണയിച്ച വസ്തുനികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിന് ഭരണതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-17 അനധികൃത നിർമ്മാണങ്ങൾക്ക് യുഎ നമ്പർ അനനുവദിച്ച് നിയമാനുസൃത വസ്തുനികുതി ചുമത്തേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ല്യു വകുപ്പ് പ്രകാരം നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ചുകളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ 203(2) പറയുന്ന പ്രകാരമുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിടനമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ല്യു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃതമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ പരിശോധിച്ചതിൽ ചില കെട്ടിടങ്ങളുടെ വിവരങ്ങൾ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ യുഎ നമ്പർ നൽകുകയോ നിയമാനുസൃത ഫീസ് ചുമത്തുകയോ ചെയ്തതായി കാണുന്നില്ല.

| ക്രമ നം | അനധികൃത നിർമ്മാണം നടത്തിയ വ്യക്തിയുടെ മേൽവിലാസം | സർവ്വേ നം/ വില്ലേജ് | ഉപയോഗക്രമവും വിസ്തീർണ്ണവും |
|---|---|---|---|
| 1 | പരമേശ്വരൻ S/O കുഞ്ചു, കാളിയംകുന്നം, കിണാശ്ശേരി | 334/10<br>കണ്ണാടി I | വാസഗൃഹം<br>319.08 ച.മീ |
| 2 | വിനുവർണ്ണൻ എസ്, കുടുവക്കോട്, | 228/4 | വാസഗൃഹം |

| | | | |
|---|---|---|---|
| | കണ്ണാടി | കണ്ണാടി I | 184.08 ച.മീ |
| 3 | രഘു & സജിത, വലിയ പറമ്പ്, കണ്ണന്നൂർ | 591/36<br>കണ്ണാടി I | വാണിജ്യം<br>89.30 ച.മീ |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.22/05.03.2020 -ന് മറുപടിയായി മേൽപ്പറഞ്ഞവ കൂടാതെ ശ്രീ. സുകുമാരൻ കടക്കറിശ്ശി, ശ്രീ. റബിദ്ദീൻ കണ്ണന്നൂർ, ശ്രീമതി. സബ്ന ഷെരീഫ് കുനിശ്ശേരി എന്നിവരുടെ പേരിലുള്ള അനധികൃത നിർമ്മാണങ്ങളും കണ്ടെത്തിയിട്ടുണ്ടെന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അനധികൃതമായി കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്യുന്ന കെട്ടിടങ്ങൾക്ക് എതിരെ കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ പ്രകാരം നിയമാനുസൃത വസ്തുനികുതി ചുമത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

(എ) കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 137(3) പ്രകാരം കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിച്ച നിബന്ധനകൾ, രാജിയാക്കൽ ഫീസ് എന്നിവ ഉൾപ്പെടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ 'അനുബന്ധം-ജെ' മാതൃകയിൽ സൂക്ഷിക്കേണ്ടതാകുന്നു. ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അപേക്ഷകന്റെ മേൽവിലാസം, പെർമിറ്റ് നൽകിയ/ ക്രമവൽക്കരിക്കേണ്ട വിസ്തീർണ്ണം എന്നീ അടിസ്ഥാന വിവരങ്ങൾ പോലും രേഖപ്പെടുത്തിയിട്ടില്ല. പകരം സാംഖ്യ സോഫ്റ്റ്‌വെയറിൽ ക്രമവൽകരണ ഫീസ് അടവാക്കിയവരുടെ പേരും രശീതി നമ്പരും മാത്രമാണ് ചേർത്തിട്ടുള്ളത്.

(ബി) പരിവർത്തനാനുമതി ലഭിച്ചതിലും അധികരിച്ച പ്ലോട്ട് വിസ്തീർണ്ണത്തിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് അനുമതി നൽകിയിരിക്കുന്നു

| | |
|---|---|
| ഫയൽ നം | എ2/7364/18 തീയതി 19.11.2018 |
| | |

| | |
|---|---|
| അപേക്ഷകന്റെ പേര് | സി. ജാഫർ, സയ്യൂൺ, ഫിറോസ് & രജീഷ് S/o ചെല്ലപ്പ റാവുത്തർ (late), എഫ് ആർ മൻസിൽ, മണാലി റോഡ്, കൽമണ്ഡപം. |
| പെർമിറ്റ് നം | എ2-ബിഎ(1444)/2018<br>തീയതി 28.12.2018 |

പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 28.09.2018 ലെ ജെ-1796/18 നമ്പർ നടപടിക്രമം പ്രകാരം 2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമം 27 എ (2) വകുപ്പിന് അനുസൃതമായി അപേക്ഷകന് കണ്ണാടി വില്ലേജ് -1, ബ്ലോക്ക് 51, റീസർവ്വേ നം.579/4,5,6 ലെ 0.2020 ഹെക്ടർ (2020 ച.മീ) ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി ലഭിച്ചിരുന്നു. എന്നാൽ അംഗീകൃത പ്ലാൻ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ 0.2404 ഹെക്ടർ (2404 ച.മീ) ഭൂമിയിൽ 737.2 ച.മീ സംഭരണ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതി നൽകിയിരിക്കുന്നു.

സെക്രട്ടറി നോട്ട് ഫയലിൽ ഇക്കാര്യം രേഖപ്പെടുത്തുകയും പ്ലോട്ട് ഏരിയ അധികരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ഫയൽ സാങ്കേതിക വിഭാഗം അസി. എഞ്ചിനീയർക്ക് കൈമാറുകയും ചെയ്തിട്ടുണ്ടെങ്കിലും പ്ലോട്ട് വിസ്തീർണ്ണം, സ്റ്റോറേജ് കെട്ടിടത്തിന് ആവശ്യമായ അളവുകൾ എന്നിവ രേഖപ്പെടുത്തുകയോ പ്ലോട്ട് ഏരിയ അധികരിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല. ഈ റിപ്പോർട്ട് പരിഗണിച്ചാണ് പെർമിറ്റ് നൽകിയതെന്ന് കാണുന്നു.

ഓഡിറ്റ് അന്വേഷണം നം. 12/03.03.2020 -ന് ക്രമവൽക്കരണ രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിക്കുന്നതാണെന്നും പെർമിറ്റ് നൽകുമ്പോൾ വിസ്തീർണ്ണം അധികരിച്ചത് ശ്രദ്ധയിൽ പെട്ടിരുന്നില്ലെന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.
2. പരിവർത്തനാനുമതി ലഭിച്ചതിലും അധികരിച്ച പ്ലോട്ട് വിസ്തീർണ്ണത്തിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് നൽകിയ പെർമിറ്റ് റദ്ദാക്കേണ്ടതും പ്ലോട്ട് ഏരിയ 0.2020 ഹെക്ടറിൽ പരിമിതപ്പെടുത്തിയ പ്ലാനും അനുബന്ധ രേഖകളും സമർപ്പിക്കുന്ന മുറയ്ക്ക് പുതിയ പെർമിറ്റ് അനുവദിക്കേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 വരവിനങ്ങളിലെ കുടിശ്ശികകൾ- ഡിമാന്റ് തയ്യാറാക്കി

# പിരിച്ചെടുക്കേണ്ടതാണ്

(എ). വെള്ളക്കരം കുടിശ്ശിക

2018-19 വർഷത്തെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം വെള്ളക്കരം ഇനത്തിൽ തൻവർഷം ബാലൻസ് 6405/- രൂപയും, കുടിശ്ശികയിനത്തിൽ 18,74,373/- രൂപയും ഉൾപ്പെടെ ആകെ 18,80,778/- രൂപ പിരിച്ചെടുക്കുവാനുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം 1,69,780/- രൂപ മാത്രമാണ് പിരിച്ചെടുക്കാനുള്ളത്.

ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിപാലിച്ചിരുന്ന കുടിവെള്ള പദ്ധതികളിൽ 274 ഗുണഭോക്താക്കൾ മാത്രമാണ് ഉണ്ടായിരുന്നതെന്നും പ്രതിമാസം 50 രൂപ നിരക്കുള്ള ഗാർഹിക കണക്ഷനുകൾ മാത്രമാണ് നൽകിയിരുന്നതെന്നും 09/2019 മാസം വാട്ടർ അതോറിറ്റിക്ക് കൈമാറിയതായും കാണുന്നു.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.13/04.03.2020 ന് ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുകയും പഞ്ചായത്ത് ലഭ്യമാക്കിയ തുകയും തമ്മിലുള്ള വ്യത്യാസത്തിന് കാരണം മിനി കുടിവെള്ള പദ്ധതിയിലേക്ക് മാറിയ ഗുണഭോക്താക്കളുടെ വെള്ളക്കരം ഡിമാന്റ് അതത് വർഷങ്ങളിൽ വാർഷിക ധനകാര്യ പത്രികയിൽ കുറവാക്കാത്തതു മൂലം കുടിശ്ശിക കൂടിവന്നതിനാലാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശികയും യഥാർത്ഥ കുടിശ്ശികയും തമ്മിലുള്ള അന്തരം വിശദീകരിക്കുന്നതിനാവശ്യമായ രേഖകൾ സ്ഥാപനത്തിലില്ല. അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ലാത്തതിനാൽ വെള്ളക്കരം ഡെപ്പോസിറ്റ് ആയി വാർഷിക കണക്കുകളിലുള്ള 489900/- രൂപയുടെ വിവരങ്ങളും ലഭ്യമല്ല. കൂടാതെ കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതെ പദ്ധതികൾ കൈമാറിയതിന്റെ വിശദീകരണവും ലഭ്യമാക്കിയിട്ടില്ല.

(ബി). വാടക കുടിശ്ശിക

2018-19 വർഷം കണ്ണാടി ഗ്രാമപഞ്ചായത്തരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയതിൽ ആകെ 21 മുറികളാണ് വാടകയ്ക്ക് നൽകിയിരുന്നത്. വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ വാടക ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | തൻവർഷം | കുടിശ്ശിക | തൻവർഷം | കുടിശ്ശിക | തൻവർഷം | കുടിശ്ശിക |
| വാർഷിക കണക്കുകൾ പ്രകാരം | 433932 | 323386 | 366502 | 76962 | 170672 | 143182 |
| ഡിമാന്റ് രജിസ്റ്റർ പ്രകാരം | 433932 | 323386 | 369232 | 76962 | 64700 | 246424 |

കളക്ഷനിൽ ഉൾപ്പെടെ വ്യത്യാസം വരാനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/04.03.2020) ന് അപാകതകൾ പരിഹരിക്കുന്നതാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

(സി). വസ്തുനികുതി- മൊബൈൽ ടവറുകളിൽ നിന്നുള്ള കുടിശ്ശിക

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 5 മൊബൈൽ ടവറുകളിൽ 2 എണ്ണം വസ്തുനികുതി കുടിശ്ശിക വരുത്തിയതായി കാണുന്നു.

| നമ്പർ | ടവറിന്റെ പേര് | കുടിശ്ശിക | കുടിശ്ശിക വരുത്തിയ വർഷം |
|---|---|---|---|
| 3/143 | ബിഎസ്എൻഎൽ | 21678 | 2015-16 മുതൽ 2018-19 വരെ |
| 3/303 | റിലയൻസ് ഇൻഫോ കോം | 42336 | 2016-17 മുതൽ 2018-19 വരെ |

കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണം നം.13/04.03.2020ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വെള്ളക്കരം അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതും യഥാർത്ഥ കുടിശ്ശികയേക്കാൾ അധികം ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ കാര്യ കാരണ സഹിതം ആയത് വിശദീകരിക്കേണ്ടതുമാണ്. കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിലെ വാർഷിക കണക്കുകളിലെ വ്യത്യാസം പരിഹരിക്കേണ്ടതും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
3. മൊബൈൽ ടവർ വസ്തുനികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതാണ്.

# 1-20 പ്രത്യേക കന്നുകട്ടി പരിപാലനം-പദ്ധതിയിൽനിന്നും ഒഴിവായ ഗുണഭോക്താക്കളുടെ സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ്

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകട്ടി പരിപാലന പദ്ധതികളുടെ ഭാഗമായി എസ് എൽ ബി പി പാലക്കാട് ജില്ലാ ഓഫീസർക്ക് ഗുണഭോക്താക്കളുടെ ഗ്രാമപഞ്ചായത്ത് വിഹിതമായി താഴെപറയുന്ന പ്രകാരം തുക നൽകിയിട്ടുണ്ട് .

| ക്രമ നം | പ്രൊജക്റ്റ് നം | അടങ്കൽ | ഗുണഭോക്താക്കളുടെ | ബിൽ നം | നൽകിയ തുക |
|---|---|---|---|---|---|

| | | | എണ്ണം | | |
|---|---|---|---|---|---|
| 1 | 45/19പ്രത്യേക കന്നുകട്ടി പരിപാലനം (ജനറൽ) | പ്ലാൻ 150000<br>സംസ്ഥാനം 150000<br>ഗുണഭോക്തൃ വിഹിതം 300000<br>ആകെ 600000 | 24 | 01/19 തീ 18.12.18 | 24*6250 = 150000 |
| 2 | 46/19പ്രത്യേക കന്നുകട്ടി പരിപാലനം (എസ് സി) | പ്ലാൻ 150000<br>സംസ്ഥാനം 150000<br>ഗുണഭോക്തൃ വിഹിതം 300000<br>ആകെ 600000 | 24 | 03/19 തീ 23.01.19 | 24*6250 = 150000 |
| | | | | ആകെ | 300000 |

പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട കണ്ണാടി പാത്തിക്കൽ സൊസൈറ്റിയുടെ വ്യക്തിഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് 23.01.2019 മുതൽ കാലിത്തീറ്റ വിതരണംചെയ്തു തുടങ്ങിയിട്ടുണ്ട്. കന്നുകട്ടികളുടെ മരണം, തുടർച്ചയായി മൂന്ന് മാസത്തോളം കാലിത്തീറ്റ വാങ്ങുന്നത് നിർത്തിയത് എന്നിവ മൂലം താഴെ പറയുന്ന ഗുണഭോക്താക്കളെ പദ്ധതിയിൽനിന്ന് ഒഴിവാക്കിയതായി എസ് എൽ ബി പി യുടെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് വിലാസം | കാലിത്തീറ്റ വാങ്ങിയ കാലയളവ് | വാങ്ങിയ കാലിത്തീറ്റയുടെ അളവ് | നൽകിയ സബ്സിഡി തുക | ബാലൻസ് സബ്സിഡി തുക |
|---|---|---|---|---|---|
| 46/19പ്രത്യേക കന്നുകട്ടി പരിപാലനം (എസ് സി) | | | | | |
| 1 | സജീവ് പാറപ്പന കിണാശ്ശേരി | 01.19മുതൽ 07.19 വരെ | 60 kg* 5= 300 | 357*5=1785 | 10715 |

| | | | | | |
|---|---|---|---|---|---|
| 2 | ഷൺമുഖൻ ചാത്തൻതറ | 01.19മുതൽ 08.19 വരെ | 60 kg* 7= 120 | 357*7=2499 | 10001 |
| 3 | വാസു സി ചാത്തൻതറ | 01.19മുതൽ 08.19 വരെ | 60 kg* 7= 120 | 357*7=2499 | 10001 |
| 45/19പ്രത്യേക കന്നുകുട്ടി പരിപാലനം (ജനറൽ) | | | | | |
| 4 | കണ്ണൻ കളിമാടപറമ്പ് | 01.19മുതൽ 04.19 വരെ | 60 kg* 4= 240 | 357*4=1428 | 11072 |

ആയതിനാൽ പദ്ധതിയിൽ നിന്ന് ഒഴിവായ ഗുണഭോക്താക്കളുടെ സബ്സിഡി തുക എസ് എൽ ബി പി യിൽനിന്നും തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 09/03.03.2020) പദ്ധതിയിൽ നിന്ന് ഒഴിവായ ഗുണഭോക്താക്കളുടെ സബ്സിഡി തുക തിരികെ ലഭ്യമാക്കുന്നതിന് എസ് എൽ ബി പി അഡീഷണൽ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-21 ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിലെ അപാകതകൾ

കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി ഗുണഭോക്തൃവിഹിതം പ്രൊജക്ടിൽ ഉൾപ്പെടുത്തുകയും പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.പ്രൊജക്ടിന്റെ വിഭവ സ്രോതസ് കണക്കാക്കിയതിൽ ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നതായാണ് വിഭാവനം ചെയ്തിരിക്കുന്നത് . കൃഷി ഓഫീസർ TR -5 Receipt(ബുക്ക് നം 00632) മുഖേന ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുകയും ആയത് നേരിട്ട് വിത്ത് വിതരണം ചെയ്ത KSSDA യുടെ അക്കൗണ്ടിലേക്ക് ഒടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. പദ്ധതികളുടെ ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിന്റെ രസീതി മുഖേന (Form No. XXXIII) പിരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിന് പകരം കൃഷി വകുപ്പിന്റെ രസീതി മുഖേന പിരിച്ച് നേരിട്ട് നൽകിയത് ക്രമപ്രകാരമല്ല. ഇപ്രകാരം ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. കൂടാതെ ചെലവ് പത്രികകളിലും പദ്ധതികളുടെ യഥാർത്ഥ ചെലവ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

TR 5 മുഖേന ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| പദ്ധതി | പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം |
|---|---|
| നെൽവിത്ത് സബ്സിഡിവിതരണം(59/18-19) | 505800 രൂപ |

ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾക്കായി ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ രസീതി ഉപയോഗിച്ച് പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ ഒടുക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 04/29.02.2020) പ്രൊജക്ട് അംഗീകാരം ലഭിക്കുന്നതിന് വന്ന കാലതാമസം നേരിട്ടതിനാൽ, നെൽ വിത്ത് സമയബന്ധിതമായി ഇറക്കി ഗുണഭോക്താക്കൾക്ക് പാടശേഖരസമിതികൾ മുഖാന്തിരം വിതരണം ചെയ്യുകയും ഗുണഭോക്തൃവിഹിതം TR 5 രസീതി മുഖേനെ പിരിച്ച് KSSDA യുടെ അക്കൗണ്ടിലേക്ക് ഒടുക്കിയതെന്നും ഭാവിയിൽ ഇത് ആവർത്തിക്കില്ലെന്നും മറുപടി നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾക്കായി ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ രസീതി ഉപയോഗിച്ച് പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിനും, റിക്വസിഷന്റെ അടിസ്ഥാനത്തിൽ തുക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-22 പാലിന് സബ്സിഡി നൽകൽ- പ്രൊജക്ടിൽ മതിയായ തുക വകയിരുത്തിയില്ല

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് 2018-19 ൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ /ചെക്ക് നമ്പർ |
|---|---|---|---|---|
| 1 | 49/2018-19 പാലിന് സബ്സിഡി ജനറൽ | തനതുഫണ്ട് 150000<br>ജില്ലാപഞ്ചായത്ത് 100000<br>ആകെ 250000 | 250000 | 100000 5613003/25.3.19<br>150000 – 1842320/25.3.19 |

കണ്ണാടി ഗ്രാമപഞ്ചായത്തിലെ 5 ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ നൽകുന്ന ഗ്രാമപഞ്ചായത്തിലെ 391 ഗുണഭോക്താക്കൾക്ക് 2018 ഏപ്രിൽ മുതൽ 2019 ഫെബ്രുവരി വരെയുള്ള കാലയളവിൽ ലിറ്ററിന് 3 രൂപ നിരക്കിൽ പാലിന് സബ്സിഡി നൽകുന്നതിന് ആനുകൂല്യം നൽകുന്നതിനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. 2018 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിലെ ആനുകൂല്യം മാത്രമാണ് നൽകിയിട്ടുള്ളത്. പ്രൊജക്ടിൽ മതിയായ തുക വകയിരുത്താതിരുന്നതിനും 2018 ജൂലായ് മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിലെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് നൽകാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 03/26.02.2020) പ്രതിമാസം ശരാശരി 55000 ലിറ്റർ പാൽ 5 സംഘങ്ങളിലായി സംഭരിക്കുന്നുണ്ടെന്നും, മുഴുവൻ

മാസങ്ങളിലേയും ആനുകൂല്യം നൽകുന്നതിന് 1700000 രൂപയെങ്കിലും വകയിരുത്തേണ്ടിവരുമെന്നും ഭാവിയിൽ കൂടുതൽ തുക വകയിരുത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രൊജക്ട് തയ്യാറാക്കുമ്പോൾ ഇക്കാര്യത്തിലേക്ക് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-23 ലൈഫ് ഭവന പദ്ധതി - അവലോകനം

സംസ്ഥാനത്തെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ ഭാഗമായി കണ്ണാടി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

ഒന്നാം ഘട്ടം

വിവിധ പദ്ധതികൾ പ്രകാരം ആരംഭിച്ചതും അപൂർണ്ണമായി നിലനിന്നിരുന്നതുമായ 8 ഭവനങ്ങളുടെ പൂർത്തീകരണമാണ് ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയത്. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം

സ.ഉ (കൈ)നം. 34/2018/ത സ്വ ഭ വ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19

വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. സർക്കുലർ നമ്പർ 235/ഡി.ബി. 1/2019 തസ്വഭവ തീയതി 16.7.2019 പ്രകാരം 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാഗക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ കണ്ണാടി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 157 ഉം എസ്.സി വിഭാഗത്തിൽ 30 ഉം ഗുണഭോക്താക്കളായുള്ളത്. ആയതിൽ ആകെ 163 പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്. ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം ആവിഷ്കരിച്ച് 2 പദ്ധതികളുടെ വിവരം താഴെചേർക്കുന്നു.

<u>a) ലൈഫ് മിഷൻ ഭവന പദ്ധതി - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (66/19)- ജനറൽ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---:|---:|
| പ്ലാൻ ഫണ്ട് | 2825600 | 2825600 |
| ബ്ലോക്ക് പഞ്ചായത്ത് | 650844 | 506287 |
| ജില്ലാ പഞ്ചായത്ത് | 1109352 | 840000 |
| മറ്റിനം(വായ്പ) | 57414204 | 19635797 |
| ആകെ | 62000000 | 23807684 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 118 | 40000 | 4720000 |
| II | 109 | 105*160000<br>1*159800<br>1*115997<br>1*44003<br>1*47884 | 16800000<br>159800<br>115997<br>44003<br>47884 |
| | | ആകെ | 17167684 |
| III | 32 | 60000*32 | 1920000 |
| ആകെ | | | 23807684 |

ജനറൽ വിഭാഗത്തിലെ 134 പേരിൽ ആരും തൻവർഷം ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.2019-20 വർഷത്തിൽ ജനറൽ വിഭാഗത്തിൽ 118 പേരും എസ് സി വിഭാഗത്തിൽ 25 പേരും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

b) ലൈഫ് മിഷൻ ഭവന പദ്ധതി- ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം ( 68/19)- എസ്.സി.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 7462040 | 6850808 |
| ബ്ലോക്ക് പഞ്ചായത്ത് | 898995 | 880000 |
| ജില്ലാ പഞ്ചായത്ത് | 1701784 | - |
| മറ്റിനം(വായ്പ) | 2337181 | 160000 |
| ആകെ | 12400000 | 7890808 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 29 | 40000 | 1160000 |
| | | | |

| | | | |
|---|---|---|---|
| II | 24 | 160000 | 3840000 |
| III | 19 | 4*160000<br>14*100000<br>1*30808 | 640000<br>1400000<br>30808 |
| | | ആകെ | 2070808 |
| IV | | 7*40000<br>9*60000 | 280000<br>540000 |
| | | ആകെ | 820000 |
| ആകെ | | | 7890808 |

തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ താഴെ പറയുന്നവർ തുക കൈപ്പറ്റിയതിന് ശേഷം പ്രവൃത്തി പൂർത്തീകരിക്കുകയോ,തുക തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | ഗുണഭോക്താവ് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശ്രീമതി വസന്ത കണ്ണമ്പരിയാരം ,കണ്ണാടി | 200000 |
| 2 | ശ്രീമതി ശാന്ത w/o ശിവൻ പെരണ്ടക്കാട് കിണാശ്ശേരി | 200000 |
| 3 | ശ്രീമതി കല്ല്യാണി w/o ആറു പൂക്കളൻ തരുവക്കുറുശ്ശി | 200000 |
| 4 | ശ്രീമതി രാധ വി w/o രമേഷ് പുഴയക്കൽ കണ്ണാടി | 40000 |

ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക4 പ്രകാരം 6മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കുന്നതാണെന്നും ഖണ്ഡിക 7 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥനാണെന്നും അല്ലാത്തപക്ഷം തങ്ങളുടെ സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നോ, അനന്തരാവകാശികളിൽനിന്നോ റവന്യ റിക്കവറി നടപടികളിലൂടെ ഈടാക്കാമെന്നും സമ്മതിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ ആയതിനാൽ പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ, പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനോ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 14/04.03.2020) രാധ വി w/o രമേഷ് പുഴയക്കൽ

കണ്ണാടി,വസന്ത കണ്ണമ്പരിയാരം ,കണ്ണാടി എന്നീ ഗുണഭോക്താക്കൾ കരാർ വെച്ചതിന് ശേഷം ദീർഘനാളായി അസുഖം ബാധിച്ച് ചികിത്സയിലായതിനാലും ശ്രീമതി ശാന്ത , ശ്രീമതി കല്ല്യാണി എന്നിവർ സാമ്പത്തിക പ്രയാസം മൂലവും പണി നിർത്തിവെച്ചതിനാലും പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഗുണഭോക്താക്കൾ സാധിക്കുകയില്ലെന്നും ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും വി ഇ ഓ അറിയിച്ചിട്ടുണ്ട്. ആയതിനാൽ സന്നദ്ധ സംഘടനകളുടെയോ, മറ്റ് ഏജൻസികളുടെയോ സഹായം ഉപയോഗപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കാനുള്ള ശ്രമം ഉണ്ടാകേണ്ടതും അല്ലാത്തപക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

<u>ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം</u>

2018-19 ൽ 19795797 രൂപ ഹഡ്കോയിൽ നിന്നു KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റ പഞ്ചാബ് നാഷണൽ ബാങ്കിന്റെ കിണാശ്ശേരി ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നം. 4294000105027352) നിക്ഷേപിച്ചാണ് ചെലവ് നടത്തുന്നത്. 31-3-2019 വരെ 19795797 രൂപ ലോൺ അക്കൗണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

<u>സർക്കാർ വിഹിതം</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

<u>ഭവന നിധി രൂപീകരിച്ചിട്ടില്ല</u>

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

<u>മോണിറ്ററിംഗ്</u>

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്.

രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തിയതിട്ടുണ്ട്.ഫണ്ടിന്റെ ലഭ്യതക്കുറവ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് തടസം നേരിടുന്നുണ്ട്. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

06.03.2020 ലെ എക്സിറ്റ് മീറ്റിംഗിലും മേൽ വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വൈസ് പ്രസിഡണ്ട് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
   തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 വൃദ്ധർക്ക് കട്ടിൽ- ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | 50/18-19<br>വൃദ്ധർക്ക് കട്ടിൽ |
| അടങ്കൽ | 336383 (വികസന ഫണ്ട്) |
| ചെലവ് | 334950 |
| നിർവഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| ബിൽ നമ്പർ | 10/18-19 തിയതി 08.02.2019<br>തുക-334950 |
| ഇൻവോയ്സ് നം | 392/2018-19/16.01.2019 |

വൃദ്ധർക്ക് കട്ടിൽ വാങ്ങൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി കട്ടിൽ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ (നം എ1-6464/18 തീ. 06.10.18) വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച നിരക്കുകളും സ്പെസിഫിക്കേഷനും ചുവടെ ചേർക്കുന്നു.

| ക്രമ | സ്ഥാപനം | ടെണ്ടർ സ്പെസിഫിക്കേഷൻ | രേഖപ്പെടുത്തിയ |
|---|---|---|---|

| നം | | | നിരക്ക് |
|---|---|---|---|
| 1 | ദാസ് ഏജൻസീസ് ആലത്തൂർ പാലക്കാട് | Steel frame single cot-Length 1.98 cm,width 90 cm front leg 60 cm back leg 50 cm top 8mm plywood,squre pipe 1 ½-1 ½ | 4185 |
| 2 | സഫ സ്റ്റീൽ പ്രൊഡക്ട്സ് വേങ്ങര | | 4295 |
| 3 | ഇംപാക്ട് എന്റർപ്രൈസസ് മലപ്പുറം | | 4325 |

ടെണ്ടർ സമർപ്പിച്ച എല്ലാ സ്ഥാപനങ്ങളും സ്പെസിഫിക്കേഷൻ പ്രകാരമാണ് നിരക്ക് കാണിച്ചിരിക്കുന്നത്. ടെണ്ടറിൽ സാമ്പിൾ ഹാജരാക്കാൻ നിർദ്ദേശിച്ചിരുന്നില്ല.

09.11.2018 ലെ 7 (9) നം. ഭരണസമിതി തീരുമാന പ്രകാരം, ടെണ്ടർ കമ്മിറ്റി വിശദമായി പരിശോധിക്കുകയും ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ദാസ് ഏജൻസീസ് ആലത്തൂർ പാലക്കാട് @ 4185 രൂപ, രണ്ടാമത്തെ കുറവ് നിരക്ക് രേഖപ്പെടുത്തിയ സഫ സ്റ്റീൽ പ്രൊഡക്ട്സ് വേങ്ങര @ 4295 രൂപ എന്നീ സ്ഥാപനങ്ങളുടെ നിരക്ക് കൂടുതലും ഗുണനിലവാരം തൃപ്തികരമല്ലെന്നും പർച്ചേയ്സിംഗ് കമ്മിറ്റിക്കും ഭരണസമിതിക്കും ബോധ്യമായി, മാത്രമല്ല ഇരുമ്പ് ഫ്രെയിമിൽ തീർത്ത കട്ടിലിനേക്കാൾ ഗുണഭോക്താക്കളായ വൃദ്ധർക്ക് കൂടുതൽ ഉപകാര പ്രദമായതും, ആഞ്ഞിലി മരത്തിൽ സർക്കാർ മാനദണ്ഡ പ്രകാരം നിർമ്മിച്ച കട്ടിലുകൾ സർക്കാർ അംഗീകൃത സ്ഥാപനമായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ, ആലുവ 4350 രൂപ നിരക്കിൽ വിതരണം ചെയ്തുവരുന്നതിനാൽ ലഭിച്ച ടെണ്ടറുകൾ നിരാകരിക്കുന്നതിനും ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ, ആലുവയിൽ നിന്നും നേരിട്ട വാങ്ങുന്നതിനും ഡി പി സി അംഗീകാരം ലഭിക്കുന്നതിന് കാലതാമസം വരുമെന്നതിനാൽ പദ്ധതി നടപ്പിലാക്കുന്നതിനും പിന്നീട് ഭേദഗതി വരുത്തി ഡി പി സി അംഗീകാരം വാങ്ങുന്നതിനും തീരുമാനിച്ചു.

12.11.2018 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 1-ാംനം തീരുമാന പ്രകാരം ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ, ആലുവ-യിൽനിന്നും 77 കട്ടിലുകൾ വാങ്ങുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്തിട്ടുണ്ട്.

സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ

തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്.

ടെണ്ടറിൽ ഗുണനിലവാരം, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയും പ്രസ്തുത സ്പെസിഫിക്കേഷൻ / ഗുണനിലവാരം പാലിച്ചിട്ടുണ്ടോ എന്ന് സാമ്പിൾ പരിശോധിച്ച് ഉറപ്പുവരുത്തുകയുമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതല. ടെണ്ടർ നോട്ടീസിൽ പഞ്ചായത്ത് ആവശ്യപ്പെട്ടത് പ്രകാരമാണ് എല്ലാ സ്ഥാപനങ്ങളും ടെണ്ടർ സമർപ്പിച്ചിരിക്കുന്നത്. ടെണ്ടർ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ചതായി മിനുട്സ് പരിശോധിച്ചതിൽ കണ്ടില്ല. സാമ്പിൾ പരിശോധിച്ച ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധന്റെ റിപ്പോർട്ടും ഇല്ല. ടെണ്ടറിൽ സ്റ്റീൽ ഫ്രെയിം ആവശ്യപ്പെട്ടിട്ട് പിന്നീട് മരക്കട്ടിൽ വാങ്ങുന്നതിന് തീരുമാനിക്കുന്നത് പ്രൊക്യൂർമെന്റ് നടപടികളുടെ ലംഘനമാണ്. 4185 രൂപയുടെ കട്ടിൽ ഉയർന്ന നിരക്കാണ് എന്ന് തീരുമാനിച്ച് 4350 രൂപയുടെ കട്ടിൽ ടെണ്ടർ ഇല്ലാതെ വാങ്ങിയതുമൂലം 12705 രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിന് ഉണ്ടായിട്ടുണ്ട്. (4350*77=334950, 4185*77=322245, 334950-322245=12705) ഡി പി സി അംഗീകാരം ലഭിച്ച പ്രൊജക്റ്റിൽ ഭേദഗതി വരുത്തി അംഗീകാരം വാങ്ങാതെ നേരിട്ട് നിർവ്വഹണം നടത്തിയത് പദ്ധതി മാർഗരേഖയുടെ ലംഘനമാണ്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 09/03.03.2020) ലഭിച്ച 3 ടെണ്ടറുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാമ്പിൾ ഹാജരാക്കാൻ ആവശ്യപ്പെടുകയും ദാസ് ഏജൻസീസ് ആലത്തൂർ മാത്രമാണ് സാമ്പിൾ ഹാജരാക്കിയതെന്നും അത് തീരെ ഗുണനിലവാരം ഇല്ലാത്തതിനാലാണ് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ, ആലുവ ഹാജരാക്കിയ പ്ലൈവുഡിനേക്കാൾ ഉറപ്പുള്ളതും ആഞ്ഞിലി മരത്തിൽ നിർമ്മിച്ച കട്ടിൽ വയോജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുന്നതിനാൽ ടെണ്ടർ റദ്ദ് ചെയ്ത് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാൻ കഴിയുന്ന ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ, ആലുവയിൽ നിന്നും 4350 രൂപനിരക്കിൽ കട്ടിൽ വാങ്ങി വിതരണം ചെയ്തതെന്ന് മറുപടി നൽകിയിട്ടുണ്ട്.പ്രസ്തുത മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.റീ ടെണ്ടർ നടത്താതെ, അംഗീകരിച്ച പ്രൊജക്റ്റിൽ ഭേദഗതി വരുത്താതെ ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിലിന് (സ്റ്റീൽ/പ്ലൈവുഡ്) പകരം മരത്തിന്റെ കട്ടിൽ വാങ്ങിയത് പ്രൊക്യൂർമെന്റ് നടപടികളുടെ ലംഘനമാണ്.
ഓഡിറ്റ് നിർദ്ദേശങ്ങൾ

* സ്റ്റോർസ് പർച്ചേസ് മാന്വൽ,പ്രൊക്യൂർമെന്റ് മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വാങ്ങലുകൾ നടത്തേണ്ടതാണ്.

* ടെണ്ടർമാർ ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത യഥാസമയം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

# 1-25 എസ്.സി. വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ് നൽകൽ- പദ്ധതി നടത്തിപ്പിലെ

# അപാകതകൾ

പ്രോജക്റ്റ് നമ്പരും, പേരും- 21/19, എസ്.സി. വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ് നൽകൽ

അടങ്കൽ- 900000 (Plan Fund-SCP)

ചെലവ്- 723475 (21/19-03-2019- ₹434085/-, 22/19-03-2019- ₹289390/-)

ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ , ബിരുദം, ബിരുദാനന്തര ബിരുദം) എന്നീ കോഴ്സുകൾക്ക് സർക്കാർ/ എയിഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥിനികൾക്ക് ലാപടോപ് വിതരണം ചെയ്യുന്നതിനാണ് മേൽ പ്രോജക്റ്റ് പ്രകാരം ലക്ഷ്യമിട്ടത്.

പ്രോജക്റ്റ് നടപ്പിലാക്കിയത് പരിശോധിച്ചതിൽ ഇ ടെണ്ടർ മുഖേന കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ അക്ഷര എന്റർപ്രൈസസ്, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും, ₹28939/- നിരക്കിൽ 25 ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങി വിദ്യാർത്ഥിനികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട് (ഇൻവോയിസ് നം.528/26-02-2019 ₹434085/-, 628/14-03-2019 ₹289390/-). സബ്സിഡി മാർഗ്ഗരേഖ രേഖ പ്രകാരം (സ.ഉ.22/2018/തസ്വഭവ, തീയതി.14.02.2018) നിലവിൽ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ , ബിരുദം, ബിരുദാനന്തര ബിരുദം) എന്നീ കോഴ്സുകൾ പഠിക്കുന്നവർക്കാണ് ലാപ്ടോപ്പിന് അർഹതയുള്ളത്. എന്നാൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രീത.ആർ D/o രാമചന്ദ്രൻ, പാത്തിക്കൽ ഹൗസ്, കണ്ണാടി എന്ന വിദ്യർത്ഥിനി പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയുടെ (ശ്രീകൃഷ്ണപുരം വി.ടി.ബി കോളേജ് പ്രിൻസിപ്പാളുടെ) സാക്ഷ്യപത്രം പരിശോധിച്ചതിൽ പഠനം (BA Sanskrit) നടത്തിയത് 2015-18 കാലയളവിലാണ് (അഡ്മിഷൻ നമ്പർ 7589). എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ ഡിഗ്രി കോഴ്സിനു പഠിക്കുന്ന എസ്.സി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ് നൽകുന്ന പദ്ധതിപ്രകാരം എനിക്ക് ലാപ്ടോപ് അനുവദിക്കണമെന്നുള്ള അപേക്ഷ ഗുണഭോക്താവ് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുന്നത് 06.08.2018 ലാണ്. ഇതു പരിഗണിച്ചുകൊണ്ട് ഈ അപേക്ഷകയെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും 19.03.2019 ന് ലാപ്ടോപ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഡിഗ്രിക്ക് പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥിനികളെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനു പകരം പഠനം കഴിഞ്ഞ വിദ്യർത്ഥിനിയെ ലിസ്റ്റിൽ ഉൾപ്പെടുത്തിയത് ഗ്രാമസഭയുടെയും, ഭരണസമിതിയുടെയും, നിർവ്വഹണ ഉദ്യോഗസ്ഥന്റെയും സൂക്ഷ്മ പരിശോധനയിലെ അപാകമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആകയാൽ പഠന കാലയളവിന് ശേഷം നൽകിയ ലാപ്ടോപ് ഗുണഭോക്താവിൽ നിന്നും തിരികെ വാങ്ങി അടുത്ത വർഷത്തെ പ്രോജക്റ്റിൽ ഉൾപ്പെടുത്തി അർഹതയുള്ള ഗുണഭോക്താവിന് നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ലാപ്ടോപ്പിന്റെ വില ₹28939/- ഗുണഭോക്താവിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സഞ്ചിത നിധിയിലേക്ക് അടവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.04/05-03-2020 ന് ടിയാരി ഗ്രാമപഞ്ചായത്തിനെ തെറ്റിധരിപ്പിച്ച് ആനുകൂല്യം കൈപ്പറ്റിയതിനാൽ ലാപ്ടോപ്പ് പ്രവർത്തനക്ഷമമായനിലയിൽ തിരിച്ചുവാങ്ങുന്നതും അല്ലാത്തപക്ഷം ആയതിന്റെ വില ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

2. അഖില.കെ D/o കുട്ടൻ, കേലക്കോട് വീട്, കിണാശ്ശേരി എന്ന ഗുണഭോക്താവ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ School of Distance Education പ്രകാരം BAHistaryക്ക് രജിസ്റ്റർ ചെയ്തതിനു ശേഷമുള്ള ID card ന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഗുണഭോക്താവ് നിലവിൽ പഠനം തുടരുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ (പരീക്ഷാ ഹാൾടിക്കറ്റ്, മാർക്ക്ലിസ്റ്റ് തുടങ്ങിയവ) ഹാജരാക്കിയിട്ടില്ല. ഹാജരാക്കാത്ത പക്ഷം കൈപ്പറ്റിയ ലാപ്ടോപ്പോ അല്ലെങ്കിൽ ചെലവ് തുകയോ തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതുവരെ ചെലവ് തുക (₹28939/-) തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.04/05-03-2020)

# 1-26 എസ്.സി. യുവാക്കൾക്ക് ഇരുചക്രവാഹനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നമ്പരും, പേരും- 180/19,എസ്.സി. യുവാക്കൾക്ക് ഇരുചക്രവാഹനം (Spill over)

അടങ്കൽ- 120000/-₹ {(60000/-Plan Fund-SCP)+120000/- (DP Share)}

ചെലവ്- ₹60000/- SCP (2/17-11-2018- ₹30000/-, 4/31-12-2018- ₹30000/-)

മേൽ പ്രോജക്റ്റ് പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് 6 ഗുണഭോക്താക്കൾക്ക് 30000 രൂപ വീതം (GP Share 10000+ DP Share 20000) ചെലവഴിച്ച് ഇരുചക്രവാഹനം വാങ്ങുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാകാത്തതിനാൽ 2 ഗുണഭോക്താക്കൾക്കായി 30000 രൂപ വീതം 60000രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. സബ്സിഡി നൽകിയ ഗുണഭോക്താക്കളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | വാഹനം വാങ്ങുന്നതിന് ലോൺ അനുവദിച്ച ബാങ്കിന്റെ പേര് | വാഹനത്തിന്റെ മോഡലും രജിസ്റ്റർ നമ്പരും | അനുവദിച്ച തുക (₹) |
|---|---|---|---|
| ശിവൻ.വി s/o വേലായുധൻ, കീരിയോട്, കണ്ണാടി | എസ്.ബി.ഐ, കണ്ണാടി ശാഖ | ആക്ടീവ 5G<br>KL-09-AQ-2032 | 30000 |
| വിജു.ആർ s/o രാജൻ, തുമ്പിളംകാട് | പി.എൻ.ബി, കിണാശ്ശേരി ശാഖ | ആക്ടീവ 5G | 30000 |

| | | KL-09-AQ-4640 | |
|---|---|---|---|

പദ്ധതി നടത്തിപ്പിലെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ശിവൻ.വി s/o വേലായുധൻ, കീരിയോട്, കണ്ണാടി എന്ന ഗുണഭോക്താവ് 30000രൂപ സബ്സിഡിയായി (ബാങ്ക് ലോൺ മുഖാന്തിരം) 17.09.2018 തീയതിയിൽ വാങ്ങിയ ഇരുചക്രവാഹനം മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് പരിശോധിച്ചതിൽ 23.02.2019 ന് അസീസ്.എ എന്നയാൾക്ക് വിറ്റതായി കാണുന്നു. എന്നാൽ സബ്സിഡി മാർഗ്ഗരേഖ [സ.ഉ.(എം.എസ്)80/2017/തസ്വഭവ, തീയതി.03.04.2017] പ്രകാരം 5 വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക തിരിച്ചടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ആകയാൽ സബ്സിഡിയായി അനുവദിച്ച തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി സഞ്ചിത നിധിയിലേക്ക് അടവാക്കേണ്ടതാണ്.

2. സബ്സിഡി അനുവദിച്ച ഗുണഭോക്താക്കളുമായി സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നതിനായി കരാർ ചമച്ചിട്ടില്ല. ഗുണഭോക്താക്കൾ മാത്രം ഒപ്പിട്ടിട്ടുള്ളതും വ്യവസ്ഥകൾ ഒന്നും രേഖപ്പെടുത്താത്തതുമായ മുദ്രപ്പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്.

3. സബ്സിഡി തുക അനുവദിക്കുകയല്ലാതെ പിന്നീട് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

4. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വാഹനവിലയുടെ 33.33% മാത്രമെ സബ്സിഡി അനുവദിക്കാവൂ (പരമാവധി ₹30000/- ). എന്നാൽ നിയമാനുസൃത നിരക്കിലാണ് സബ്സിഡി അനുവദിച്ചത് എന്ന് ഉറപ്പുവരുത്തതിനാവശ്യമായ ബിൽ/ഇൻവോയിസ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/05-03-2020) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവിൽ നിന്ന് തുക തിരികെ ഈടാക്കി അടുത്ത ഗ്രാമ സഭയിൽ ഉൾപ്പെടുത്തി അർഹതയുള്ള ഗുണഭോക്താവിന് ടി ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 1-27 ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവയിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല

വാർഷിക ധനകാര്യ പത്രിക 2018-19 (Schedule B-7), ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2018-19 വർഷാവസാനം 808036 രൂപ തിരികെ നൽകാനുണ്ട്. എന്നാൽ ആർക്കെല്ലാമാണ് തിരികെ നൽകാനുള്ളത് എന്നത് സംബന്ധിച്ച് വിശദവിവരങ്ങളില്ല.

വർഷിക ധനകാര്യ പത്രിക 2018-19 (Schedule B-18), മുൻകൂർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2018-19 വർഷാവസാനം 685980 രൂപ തിരികെ ലഭിക്കാനുണ്ട്. എന്നാൽ ഏത് വ്യക്തികൾ/ഏജൻസികളിൽ നിന്നാണ് തുക തിരികെ ലഭിക്കാനുള്ളത് എന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമല്ല.

ആയതിനാൽ ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവയിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.27/06-03-2020)

# 1-28 ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റുമായി ബന്ധപ്പെട്ട് 2018-19 ൽ താഴെ പറയും പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

184/19, സോഡിയം എൽ.ഇ.ഡി. ബൾബുകളുടെ എ.എം.സി (Spill Over)

അടങ്കൽ- 110000 (തനത് ഫണ്ട്)

ചെലവ്- 109974 (ട്രഷറി ചെക്ക് നം.1842305/31-01-19)

(കരാറുകാരന് അനുവദിച്ച തുക.108874, IT-1100)

15/19, സ്ട്രീറ്റ്ലൈറ്റ് മെയിന്റിനൻസ് എ.എം.സി

അടങ്കൽ- 470000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്- 470000 (ബിൽ നം.45/19-03-19)
(കരാറുകാരന് അനുവദിച്ച തുക ₹454404/-, GST-₹8394/-, IT-₹3601/-, KCWWF-₹3601/-)

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പറഞ്ഞ 2 പ്രോജക്റ്റുകളും ടെണ്ടർ ചെയ്തതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ജി.രമേഷ്, തച്ചങ്കാട് എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടർക്കാണ് അനുവദിച്ചത്. എന്നാൽ പദ്ധതി നടത്തിപ്പിൽ തഴെ പറയുന്ന പോരായ്മകൾ കാണുന്നു.

1. കരാറുകാരനുമായി ഉണ്ടാക്കിയ എഗ്രിമെന്റിൽ ഒപ്പു വെച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റിന്റെ കാലാവധി വ്യക്തമല്ല.

2. 07-11-2017 ലെ 177/ഡി.എ.3/2016/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്റ്റ് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും 'ബി' ക്ലാസ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രീഷൻ ലൈസൻസും

പ്രവർത്തി പരിചയവും ഉണ്ടായിരിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഈ പ്രോജക്റ്റ് ഏറ്റെടുത്ത കരാറുകാരന് 'സി' ക്ലാസ് ലൈസൻസ് (നം.09-186-CC-4957) മാത്രമാണ് ഉള്ളത്.

3.കേരള കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ആക്റ്റ് 1989 സെക്ഷൻ 8(2), സർക്കുലർ നം 2173/C3/97/ത.ഭ.വ. തി 18.03.97 എന്നിവ പ്രകാരം ലേബർ ഘടകം ഉൾപ്പെട്ടിട്ടുള്ള എല്ലാ കരാറുകളിൽ നിന്നും കരാർ തുകയുടെ 1% തുക ബില്ലിൽ നിന്നും കുറവുവരുത്തി നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അടവാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്റ്റ് നം.184/19 ൽ നിന്നും ആദായനികുതി (₹1100/-) കുറവ് ചെയ്തിട്ടുണ്ടെങ്കിലും ക്ഷേമനിധി കുറവുചെയ്യാതെയാണ് (1089 രൂപ) തുക നൽകിയിരിക്കുന്നത്. ആയതിനാൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി കരാറുകാരനിൽ നിന്നും ഈടാക്കി നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് അടവാക്കിയിട്ടില്ല.

മേൽ പറഞ്ഞവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/05-03-2020) ലഭ്യമാക്കിയ മറുപടിയിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി തുക അടവാക്കുന്നതും മറ്റു അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ആകയാൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 1089 രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കേണ്ടതും, മറ്റ് അപാകതകൾ പരിഹരിക്കുന്നിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-29 ഡെപ്പോസിറ്റ് വർക്ക്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് വർക്കിന് വേണ്ടി തുക കൈമാറിയതിന് നാളിതുവരെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| പ്രോജക്റ്റ് നമ്പരും, പേരും | അടങ്കൽ | ചെലവ് | ബിൽ നം./ ചെക്ക് നം.& തിയതി | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | റിമാർക്സ് |
|---|---|---|---|---|---|
| 162/19, ഇലക്ട്രിസിറ്റി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (സ്പിൽ ഓവർ) | 54511<br>(പ്ലാൻ ഫണ്ട്-ജനറൽ) | 54460 | 18968-1/18-05-18<br>35492-21/<br>18.05.2018 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, കുഴൽമന്ദം സെക്ഷൻ | 18968 രൂപ ചെലവഴി ച്ചതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |

| | | | | | |
|---|---|---|---|---|---|
| 7/19, വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ വലിക്കൽ | 300000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 260604 | 183550-30/16-01-19, 77054-44/14-03-19 | 77054+48676 അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, കുഴൽമന്ദം സെക്ഷൻ 35400-തത്തമംഗലം സെക്ഷൻ 99474-മേലാമുറി സെക്ഷൻ | 48676 രൂപ ചെലവഴിച്ചതിന് മാത്രമെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുള്ളൂ. |
| 12/19, എസ്.സി. കോളനികളിൽ ഇലക്ട്രിസിറ്റി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 100000 (എസ്.സി.പി) | 34604 | 47/20-03-19 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, കുഴൽമന്ദം സെക്ഷൻ | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| 181/19, എസ്.സി. കോളനികളിൽ ഇലക്ട്രിസിറ്റി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (Spill Over) | 56201 (എസ്.സി.പി) | 18467 | 22/16-11-18 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, കുഴൽമന്ദം സെക്ഷൻ | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |

പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം കെ.എസ്.ഇ.ബി.യിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.19/05-03-2020)

# 1-30 ശമ്പള പരിഷ്ക്കരണ കുടിശ്ശിക - ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം ജി.ഒ.(പി)7/16 ഫിൻ തീയതി.20.01.2016 ഉത്തരവ് പ്രകാരം പരിഷ്കരിച്ചതിന്റെ ഭാഗമായി 2014 മുതലുള്ള ശമ്പള കടിശ്ശിക 3 ഗഡുക്കളായി ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും 4-ാം ഗഡു

ജീവനക്കാർക്ക് പണമായി നൽകുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 4-ാം ഗഡു ശമ്പള കുടിശ്ശിക പണമായി വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഗഡു | വൗച്ചർ നമ്പർ/തീയതി | തുക (₹) |
|---|---|---|
| 3 | 21800337/26-09-2018 | 30600 |
| 3 | 21800338/26-09-2018 | 138962 |
| 4 | 21800397/01-10-2018 | 163604 |

മേൽ ഉത്തരവ് ഖണ്ഡിക 48 (1) പ്രകാരം വർദ്ധിപ്പിച്ച് നൽകിയ ശമ്പളത്തിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ സ്ഥാപനം അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ശമ്പള കുടിശ്ശിക 1,2,3 ഗഡുക്കൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും 4-ാം ഗഡു ജീവനക്കാർക്ക് പണമായി അനുവദിച്ചു നൽകി എങ്കിലും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല.

ശമ്പള കുടിശ്ശിക നൽകിയ ഇനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കേണ്ടിയിരുന്നിട്ടും, ഇതിന് 2017-18, 2018-19 ബജറ്റിൽ വകയിരുത്തുകയോ, അടവാക്കുകയോ ചെയ്തിട്ടില്ല.

മേൽ ഉത്തരവ് പ്രകാരം ശമ്പള കുടിശ്ശിക നൽകിയതിന്റെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.26/06-03-2020)

# 1-31 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

